(സി) 2000 സെപ്റ്റംബർ രണ്ടാം പാദത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ ഉദ്ദേശിക്കുന്നു.

(ഡി) ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകളിലെ വാർഡ് വിഭജനം, പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കൽ വോട്ടർ പട്ടിക തയ്യാറാക്കൽ തെരഞ്ഞെടുപ്പ് സാധനസാമഗ്രികളുടെ സംഭരണം തുടങ്ങിയ നടപടികൾ തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ചുവരികയാണ്.

## ജനകീയാസൂത്രണ പദ്ധതികൾക്ക് അനുവദിച്ചതിൽ ചെലവഴിക്കാത്ത തുക

**5(388)** ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ബാലറാം :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതികൾക്ക് അനുവദിച്ച തുകയിൽ 2000-ാമാണ്ട് മാർച്ച് 31-ന് മുമ്പ് ചെലവഴിക്കാൻ കഴിയാത്ത തുകകൾ ഗവൺമെന്റിലേക്ക് തിരിച്ചടയ്ക്കണമെന്ന് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ ?

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തു തുക ഗവൺമെന്റിലേയ്ക്ക് തിരിച്ചടച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ജനകീയാസൂത്രണത്തിനുവേണ്ടി നൽകിയ തുകയിൽ ചെലവഴിക്കാൻ സാദ്ധ്യമാകാതെ വരുന്ന തുക 2000 മാർച്ച് 31-ന് മുമ്പ് ഗവൺമെന്റിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശം നൽകുവാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

## ജില്ലാപഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പാക്കാനായി അനുവദിച്ച തുക

**6(389)** ശ്രീ. എ. കെ. മണി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :



LIBRARY ARCHIVES Kerala Legislative Assembly